ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ നിന്ന് രൂപപ്പെട്ട സൃഷ്ടികളാണ്...

## കാട്ടിലേക്ക് ഒരു സവാരി

ഞങ്ങൾ 2019 ഫെബ്രുവരി 2ന് കപ്രികാട്ടിൽ പോയി. അവിടെ എത്തിയപ്പോൾ എനിക്ക് ചെറുതായി തലവേദനിച്ചു. എങ്കിലും ഞാൻ നടന്നു. അവിടെ ആദ്യം കണ്ടത് കലമാനിനെയാണ്. അവ കുട്ടികളെ പരിപാലിക്കുന്നതും ഭക്ഷണം കഴിക്കുന്നതും അതിന്റെ ലീലകളും കണ്ടു. വികൃതികൾ കാണിച്ചു കൊണ്ട് തുള്ളിച്ചാടി കളിക്കുന്ന പുള്ളിമാൻ കൂട്ടത്തിനെയും നിറയെ പിടിയാനകളെയും കണ്ടു. ആനകളുടെ ശരീരത്തിനെക്കുറിച്ചും കുട്ടികളെ പരിപാലിക്കുന്നതിനെക്കുറിച്ചും അവിടെ സൂചിപ്പിക്കുന്നു. ആനകളെ ഇണക്കുന്ന കൂടാരവും കണ്ടു. ആനകൾ കുളിക്കുന്ന കടവുകളും, കടവുകൾ കണ്ടാൽ വെട്ടിതിളങ്ങുന്ന വെള്ളി അരഞ്ഞാണം ആണെന്ന് തോന്നും.വൈരമാലയും മോതിരവും പോലെയുള്ള പാറകളും കല്ലുകളും മഴവിൽ പോലെയുള്ള പൂക്കൾ പിന്നെ പച്ചപ്പുവിരിച്ചകാടുകൾ

### ഇരിങ്ങോൾ കാവ്.

ശാന്തവും ചരിത്രസ്മരണകളും വൻമരങ്ങളും അട്ടകളും കീടങ്ങളും കാവുകളും അരുവികളും കാട്ടുപൂക്കളും ക്ഷേത്രവുമുള്ള തണുപ്പുനിറഞ്ഞ സ്ഥലം.

### ഭൂതത്താൻകെട്ട്.

ഭൂതത്താൻ കെട്ടിലേക്ക് പ്രവേശിക്കുമ്പോൾ ഒരുവൻ മതിൽ കെട്ടിയ കൊട്ടാരം പോലെ തോന്നും.15 വൻ മതിൽ ഒരുവലിയ ആണി തറച്ചതുപോലെയുള്ള ടവർ 70,60 പടവുകൾ താണ്ടിവേണം കയറാൻ

കയറുമ്പോൾ ഇരിക്കാൻ സ്ഥലമുണ്ട്. പിന്നെ പാമ്പിന്റെ പടം പെഴിയുന്നത് കണ്ടു ഒറ്റ ഷട്ടർ തുറക്കുന്നതുകണ്ടു. അവിടത്തെ പാർക്കിൽ കളിച്ചും കളിക്കാൻ വാശിപിടിച്ചുകരയുന്ന ചെറിയ കുട്ടികൾ.

### തട്ടേക്കാട്.

അവിടെ എത്തിയപ്പോൾ ഞങ്ങൾ അവിടുത്തെ പക്ഷി സങ്കേതം കാണാൻ പോയി. അവിടെ നിറയെ പൂർവ്വകാലത്തെ ജീവികളും പാവങ്ങളായ ജീവികളും പക്ഷി കൂടുകളും ഡോഡോ എന്നപഴക്കം കൂടിയ പക്ഷികളെയും കണ്ടു. പരുന്തിന്റെ ജീവിതം എങ്ങനെയായിരുന്നു എന്നു പറയുന്ന ചിത്രം എന്നെ ആകർഷിച്ചു. ഞങ്ങൾ ചിത്രശലഭപാർക്കിൽപോയി വസന്തം വന്നപോലെ പൂക്കൾ, വർണ്ണങ്ങൾ നിറഞ്ഞ അന്തരീക്ഷം വർണ്ണക്കുട നിവർത്തിയതുപോലെ. അവിടെ നിന്നും മിനിസൂവിൽപോയി പല വർണ്ണങ്ങൾ നിറഞ്ഞ മൃഗങ്ങളും മത്സ്യങ്ങളും കണ്ടു. ഭംഗിയും നല്ല സ്വഭാവവും ഉള്ള മൃഗങ്ങളെ കണ്ടു. പീലി വിരിച്ചു നൃത്തമാടുന്ന മയിലിനെയും കാണാൻ എനിക്ക് അവസരം ലഭിച്ചു. നല്ല കാഴ്ചകൾ സമ്മാനിച്ച യാത്രയായിരുന്നു.

വിനയ് ശങ്കർ, Std : IV A

## തത്തയും കുയിലും



ഒരിടത്ത് ഒരിടത്ത് തത്തയും കുയിലും ഉണ്ടായിരുന്നു. അവൾ കൂട്ടുകാരായിരുന്നു. ഒരു ദിവസം ഒരു കുരങ്ങൻ തത്തയെ ഉപദ്രവിച്ചു. അതു കണ്ട കുയിൽ കുരങ്ങന്റെ അടുത്തു പോയി. അപ്പോൾ കുയിൽ പറഞ്ഞു നീ എന്റെ കൂട്ടുകാരിയെ ഉപദ്രവിച്ചോ? കുരങ്ങന് അതു കേട്ടപ്പോൾ ദേഷ്യം വന്നു. കുരങ്ങൻ കുയിലിനെയും ഉപദ്രവിച്ചു. അപ്പോൾ ഒരു കുറുക്കൻ അതു കണ്ടു. വേഗം കുറുക്കൻ ചെന്ന് കുരങ്ങനെ ഉപദ്രവിച്ചു. അപ്പോൾ അവനൊരുപാഠം പഠിച്ചു. ആരെയും ഉപദ്രവിക്കരുത് എന്ന പാഠം പഠിച്ചു. അങ്ങനെ തത്തയും, കുയിലും, കുരങ്ങനും ,കുറുക്കനും കൂട്ടുകാരായി.

അഞ്ജന എ.ജെ., Std : II

## ആസ്വാദനകുറിപ്പ്.

ഞാൻ വായിച്ച കവിതയുടെ പേര് ഗ്രാമഭംഗി എന്നാണ്. ഈ കവിത എഴുതിയിത് ചങ്ങമ്പുഴ കൃഷ്ണപ്പിള്ളയാണ് എനിക്ക് ഈ കവിത ഇഷ്ടമായി പ്രകൃതി ഭംഗിയെ വർണിക്കുന്ന കവിതയാണ്

പൂക്കൾ നിറഞ്ഞുനിൽക്കുന്ന കാടുകൾ,പച്ചപ്പിൽ മുങ്ങി നിൽക്കുന്ന ഗ്രാമഭംഗി എല്ലാവരുടെയും മനസ്സ് കവർന്നെടുക്കുന്നു കാഴ്ചയാണ്. ഒരു ചെറിയ കാറ്റ് വന്നാലും അവിടെ പൂമഴയാണ് വയലുകൾ, മലകൾ എല്ലാ നിറഞ്ഞ ഗ്രാമം വളരെ മനോഹരമാണ്.

തിങ്ങി വിങ്ങി തുടങ്ങിയ പദപ്രയോഗങ്ങൾ കവിതയ്ക്ക് ശബ്ദഭംഗി നൽകുന്നു.

കാറ്റിന്റെ ശക്തികൊണ്ട് പൂക്കൾ വീഴുന്നതിനെ പൂമഴയായി വരുന്നു എന്നു പ്രയോഗിച്ചിരിക്കുന്നത് കവിതയുടെ സൗന്ദര്യം കൂട്ടുന്നു.

മനോഹരമായ ഗ്രാമത്തിന്റെ ചിത്രം വായനക്കാരിൽ ഉണ്ടാക്കാൻ കവിതയ്ക്ക് കഴിയുന്നു.

ഈ കവിതയിൽ എനിക്ക് ഇഷ്ടപ്പെട്ടവരി "ഒരു കൊച്ചു കാറ്റെങ്ങാൻ വന്നുപോയാൽ തുരുതുരാ പൂമഴയായി പിന്നെ" എന്ന വരിയാണ്. യാത്രയിൽ ഞാൻ പ്രകൃതി ദൃശ്യങ്ങൾ കണ്ടിട്ടുണ്ട്. അത് എനിക്ക് ഓർമ്മ വരുന്നു. പണ്ട് ഗ്രാമം മനോഹരം ആയിരുന്നു ഇന്ന് ആ മനോഹാരിത നഷ്ടമായി കൊണ്ടിരിക്കുന്നു അതുകൊണ്ട് പ്രകൃതിയെ സംരക്ഷിക്കാൻ നാം ശീലിക്കണം. എന്ന സന്ദേശം കവിത നൽകുന്നു.

ഗ്രാമഭംഗി, സവിശേഷ പ്രയോഗം,വാങ്മയ ചിത്രങ്ങൾ എന്നിവകൊണ്ട് സമ്പന്നമാണ് ഈ കവിത.

അഷിത കെ.എസ്, Std : IV B

## അധ്വാനത്തിന്റെ ഫലം

പണ്ട് പണ്ട് നാട്ടിൻപുറത്ത് ഒരു വീടുണ്ടായിരുന്നു. ആ വീട്ടിൽ നിറയെ പൂക്കളുണ്ടായിരുന്നു. അവിടെ അച്ഛാച്ചനും, അമ്മാമ്മയും, അച്ഛനും, അമ്മയും രണ്ട് കുട്ടികളും ഉണ്ടായിരുന്നു. മൂത്തകുട്ടിയുടെ പേര് പൊന്നു. ഇളയകുട്ടിയുടെ പേര് മിന്നു എന്നും ആയിരുന്നു. പൊന്നു രണ്ടാം കാസ്സിലും മിന്നും ഒന്നും ക്ലാസ്സിലും ആയിരുന്നു. അങ്ങനെ പരീക്ഷ അടുത്തെത്തി പൊന്നുവിന് ക്ലാസ്സിൽ ഒന്നാമതെത്തണം അതിനായി അവൾക്ക് പരിശ്രമിക്കാനും കഴിയില്ല. മിന്നുവിനും ക്ലാസ്സിൽ ഒന്നാമതെത്തണം. മിന്നുരാത്രിയും പകലും ഇടവിടാതെ പഠിച്ചു. പരീക്ഷ കഴിഞ്ഞ് റിസൽട്ട് വന്നു. പൊന്നു തോറ്റുപോയി. എന്നാൽ മിന്നു വിജയിച്ചു. മിന്നുവിന് സന്തോഷമായി. കൂട്ടുകാരേ, ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായോ ? അധ്വാനത്തിന്റെ ഫലം എന്താണെന്ന്.

ഗുണപാഠം : അധ്വാനിച്ചാൽ നല്ലത്.


എവ്‌ലിൻ മരിയ, Std: II

## Diary

**10th february Sunday**

Today was a nice day. I went to a sports station- Decathlon. There were so many things like cycles, bats, balls, sports items. My father brought cycles, foot ball and dress for me . We played skating and many other games. It was realy fun. I enjoyed every much. We went back home at 8 O'clock

Joe Febi Francis, Std: IV B



## അമ്മുവിന്റെ പിറന്നാൾ

അമ്മു ഒരു പാവമായിരുന്നു. അവൾക്ക് ഒരു ആഗ്രഹം. അവളുടെ പിറന്നാൾ ആഘോഷിക്കണമെന്ന്. പക്ഷേ അമ്മ പറയുന്നത് അടുത്ത പ്രാവശ്യം പിറന്നാൾ ആഘോഷിക്കാമെന്നാണ്. എപ്പോഴും അമ്മ അങ്ങനെയാണ്. ഇപ്പോൾ 4-ാം ക്ലാസിലായി. ഇപ്രാവശ്യം അമ്മു അമ്മയോട് ചോദിച്ചു അമ്മേ നാളെയല്ലേ എന്റെ പിറന്നാൾ ഞാൻ കൂട്ടുകാരെ വിളിക്കട്ടെ. ഈ പ്രാവശ്യവും അമ്മയുടെ വാക്ക് പഴയപടി തന്നെ. അന്ന് അവൾക്ക് പഠിക്കാനും കളിക്കാനും ഒന്നും ഒരു ഉത്സാഹവുമുണ്ടായിരുന്നില്ല. അവളുടെ സങ്കടം കണ്ട് അവളുടെ ടീച്ചർ കാര്യം അന്വേഷിച്ചു. അവൾ തന്റെ സങ്കടം ടീച്ചറോട് പറഞ്ഞു. ടീച്ചർ അവളെ ആശ്വസിപ്പിച്ചു. പിറന്നാൾ ദിവസം അവളെ അമ്മ വിളിച്ച് ഉണർത്തി അവൾക്ക് ഒരു ഉത്സാഹവും തോന്നിയില്ല. പിറന്നാളായിട്ട് ഒരു മിഠായി പോലും തന്റെ കൂട്ടുകാർക്ക് കൊടുക്കാതെ എങ്ങനെ പോകും അവൾ ചിന്തിച്ചു. അവൾ ഇറയത്തിരുന്ന് കരഞ്ഞു അമ്മൂ... അമ്മൂ... വിളികേട്ട് അവൾ തിരിഞ്ഞ് നോക്കി സൂസൻ ടീച്ചർ. ടീച്ചർ അവളെയും കൊണ്ട് അകത്ത് പോയി. കേക്കും മിഠായിയും സമ്മാനപൊതിയും നൽകി അവൾക്ക് സന്തോഷമായി.

അനുനന്ദ കെ.ആർ, Std : IV

## രക്ഷകനായ മഴ

കിങ്ങിണിക്കാട്ടിലെ അമ്മക്കിളിയും കുഞ്ഞുങ്ങളും അത്തിമരക്കൊമ്പിൽ താമസിച്ചിരുന്നു. കുട്ടികളുടെ ചിറക് മുളച്ചിട്ടുണ്ടായിരുന്നില്ല. ഒരു ദിവസം അമ്മക്കിളി തീറ്റതേടിപോയപ്പോൾ കുട്ടികൾ തനിച്ചായിരുന്നു. അമ്മക്കിളി പറക്കുന്നതിനിടയിൽ എവിടെയൊ വെട്ടം കണ്ടു അവൾ നോക്കി കാര്യം മനസിലായി കാടിനു തീപിടിച്ചു എന്ന്. അമ്മക്കിളി വേഗം കുട്ടികളുടെ അടുത്തേക്ക് പറന്നു. ആ മരത്തിന് തീ പിടിക്കുമോ ആവോ ? അവൾ പേടിച്ച് വിറച്ചു ചിറക് കുഴയുന്നു. പറക്കാൻ സാധിക്കുമോ ദൈവമേ എന്തുചെയ്യും, തന്റെ കുഞ്ഞുങ്ങൾ അവൾ സകല ശക്തിയും എടുത്ത് പറന്നു. അകലെ അത്തിമരം കണ്ടു. തീ പടർന്നു അത്തിമരത്തിനടുത്തെത്താറായി. അവളുടെ തൊണ്ടയിൽ കരച്ചിൽ കുടുങ്ങി നിസ്സഹായരായ കാട്ടു മനുഷ്യരെ അവൾ കണ്ടു. വാനം ഇരുണ്ടു കാർമേഘങ്ങൾ നിരന്നു ഇടിപൊട്ടി, മഴമേളം ! ആർത്തലച്ച് മഴ! എല്ലാം പെട്ടന്നായിരുന്നു. തീ അണഞ്ഞു. അമ്മക്കിളിയുടെ മുഖത്ത് സന്തോഷം വിടർന്നു.

കാശിനാഥൻ എസ്.ആർ, Std : IV A



## പുസ്തകം

വിദ്യാലയത്തിൽ നിന്ന് അറിവ് പകരുവാൻ
ഗുരു എനിക്ക് ഒരു പുസ്തകം തന്നു
ആദ്യം 'അ' എന്ന അക്ഷരമാണ് ഞാൻ അറിഞ്ഞത്
പിന്നെ മലയാളത്തിന്റെ മധുരവും ഞാൻ അറിഞ്ഞു
ക്ലാസിൽ ഒന്നാമൻ ആവണം
അതായിരുന്നു എന്റെ ആഗ്രഹം

എല്ലാവരോടും സ്നേഹത്തിൽ പെരുമാറണം
എല്ലാവർക്കും ഇഷ്ടമാകണം എന്നെ
നല്ല കുട്ടിയായി വളരണം
സ്നേഹവും ഐക്യവും കാക്കണം
എന്റെ വിദ്യാലയം എനിക്ക് നല്കിയ നല്ല പാഠം

ആദ്യ പി.എ, Std : IV

## My Garden

Garden is a beautiful place in the earth. There are so many trees, flowers and fruits. Flowers of different colours and smell of different flowers attract everyone to the garden. Butterflies are singing sweet songs Birds are fluttering around flowers. Wind is dancing with flowers Birds are coming there for food. Chirping sound of squirrels makes garden very noisy. Children are playing. Garden a real paradise of earth.

Akash M.S, Std : IV A

## എന്റെ കേരളം

എന്തു ഭംഗിയാണ് എന്റെ കൊച്ചുകേരളം കാണാൻ. മലയും മരങ്ങളും കൊച്ചുതോടുകളും പുഴയും കടലുമായി ചന്തം വിളങ്ങി നിൽക്കുന്നു. കേരളത്തിന്റെ സ്വന്തമായ കഥകളിയും വലിയ ജില്ലയായ് പാലക്കാടും ഇന്ത്യയുടെ ചിലങ്ക പോലെ കിടക്കുന്ന കേരളം. 14 ജില്ലകളെ ഭംഗിയായി നിർത്തുന്നു. അതിനോടൊപ്പം പച്ചവിരിച്ച് നിൽക്കുന്ന മലകളും കുന്നുകളും മരങ്ങൾ തലയുയർത്തി ആകാശം മുട്ടാൻ നോക്കുന്നു. പച്ച വിരിച്ചു നിൽക്കുന്ന വയലുകൾ. കാടിന്റെ ഉള്ളിൽ കൊച്ചു കൊച്ചു കുടിലുകൾ പുഴയിൽ ചാടിക്കളിക്കുന്ന മീൻകൂട്ടങ്ങൾ. പുഴയരികിൽ കളിക്കുന്ന കിടാങ്ങൾ സുന്ദരമായ പ്രകൃതിഭംഗിയാണ്. ഇത് നമ്മുടെ മുന്നിൽ നിന്ന് മായുകയാണ് ഈ സൗന്ദര്യം എല്ലാം വെട്ടി, മലകളും കുന്നുകളും ഇടിച്ചു തോടും പുഴയും നികത്തി വയലുകൾ നികത്തി മണൽവാരി കടൽ സമ്പത്തും കവർന്നു. ഭൂമി നാശത്തിന്റെ വക്കത്താണ് ഭൂമിയെ രക്ഷിക്കാൻ ശ്രമിച്ചേ തീരൂ.

നയൻ കെ. മനോജ്, Std : IV A



## സ്നേഹം

ഒരിടത്ത് ഒരിടത്ത് ചിന്നുവെന്നു പേരുള്ള കാക്കമ്മ ഉണ്ടായിരുന്നു. അത് കൂടുവെച്ചത് പുളിമാവിൽ കൊമ്പത്തായിരുന്നു. ആ കൂട്ടിൽ ഒരു കുഞ്ഞ് വിരിഞ്ഞു. അതിന് ചിറക് വിരിഞ്ഞിട്ടില്ല. പറക്കാൻ കഴിയുമായിരുന്നില്ല. പെട്ടെന്നാണ് കുഞ്ഞി കാക്കയ്ക്ക് വിശന്നത്. വിശന്ന കാര്യം അവൾ അമ്മയോട് പറഞ്ഞു. അത് കേട്ടതോടുകൂടി അമ്മ കാക്ക തീറ്റതേടിയിറങ്ങി. വാഴത്തോട്ടത്തിലേക്കായിരുന്നു അവളുടെ പോക്ക്. പെട്ടെന്ന് മാനം ഇരുണ്ടു എങ്ങും ഇരുട്ട് പരന്നു. കാറ്റ് വീശികൊടുങ്കാറ്റു വന്നു. ഇടിവെട്ടും മിന്നലും, മരങ്ങൾ ആടിയുലഞ്ഞു. മഴവീണു. ആകെ മഴ മേളം അവൾക്ക് പറക്കാൻ കഴിഞ്ഞില്ല. അടുത്ത ഒരു മരക്കൊമ്പിൽ അഭയം തേടി. അവൾ മഴയുടെ ശക്തി കുറയാൻ കാത്തിരുന്നു. മെല്ലെ മെല്ലെ മഴ കുറഞ്ഞു. അവൾ പഴത്തോട്ടം ലക്ഷ്യം വച്ച് പറന്നു. അവൾ ആ പഴം കൊത്തിയെടുത്ത് കൊക്കിലാക്കി. കൂട്ടിലേക്ക പറന്നു. തന്റെ കുഞ്ഞിന്റെ മുഖം മാത്രമായിരുന്നു. അവളുടെ മനസ്സിൽ. വിശന്നു കരഞ്ഞ കുഞ്ഞുവായിലേക്ക് അവൾ പഴം വച്ചു കൊടുത്തു. സന്തോഷത്തിന്റെ കാ കാ കാ ശബ്ദം കൂട്ടിൽ നിന്ന് ഉയർന്നു മാനം തെളിഞ്ഞു. അവളുടെ മനസ്സിൽ ആശ്വാസം വിടർന്നു.

സനയ് കൃഷ്ണ ഇ. എൽ., Std : IV A

## ഉത്സവകാഴ്ച



ഞാനും എന്റെ അച്ഛനും മൂത്തകുന്നം ക്ഷേത്ര ഉത്സവത്തിന് പോയി. കേറി ചെന്നപ്പോൾ തന്നെ ഒരു വലിയ ആൾകൂട്ടമാണ് ആദ്യം കണ്ടത്. പിന്നെ മേളവും ഒൻപത് ഗജവീരന്മാർ നിൽക്കുന്നു. സ്വർണം പൂശിയ നെറ്റിപ്പട്ടവും പലതരം വർണ്ണക്കുടകൾ ചർത്തി നിൽക്കുന്നതുകണ്ട് ഞാൻ അന്തം വിട്ട് പോയി. ഞാൻ ആനകളെ നോക്കിയപ്പോൾ ആന എന്നെ നോക്കി കണ്ണ് അടച്ചു. പൂരത്തിന്റെ മേളത്തിൽ ഞാനും താളം പിടിച്ചു. ഉത്സവപറമ്പിലെ പലഹാരങ്ങൾ എന്നെ നോക്കി ചിരിച്ചു. എന്റെ വായിൽ വെള്ളമൂറി. പലരൂപത്തിലും ഭാവത്തിലും ഉള്ള കളിപ്പാട്ടങ്ങൾ എന്നെ മാടിവിളിച്ചു. വെടികെട്ടിന്റെ സമയം അറിച്ചുകൊണ്ട് മൈക്ക് ശബ്ദിച്ചു. ആളുകൾ എല്ലാവരും വശങ്ങളിലേക്ക് നീങ്ങി. ആകാശത്തേയ്ക്ക് ഠോ ഠോ ശബ്ദം മുഴങ്ങി ആകാശത് ആയിരം വർണ്ണ പൂക്കൾ വിരിഞ്ഞു ആകാശം വലിയ വട്ടത്തിൽ വർണ്ണകുട നിവർത്തി ആകാശത്തേക്ക് പൂക്കുറ്റികൾ ചിതറി. വർണ്ണ മുത്തുകൾ കൊഴിയുന്നപോലെ. ആളുകൾ മടക്കമായി.

സൂര്യദേവ്

## The Lion and The Cow

One day a Lion was running around the forest. It was hungry. It saw many cows are eating grass.At that time he followed the cows. A cow ran in to the cave. The lion followed it. He said to the cow I will eat you. It cried and said my babies are very hungry please let me give milk to them. Lion agreed. Ok you will come tomorrow the cow said thank you. Lion said to the cow you won't come tomorrow, "I will eat you and your babies." The cow went to her house and saw her babies. She said to her babies "you drink my milk you couldn't see me tomorrow. Tomorrow cow went to the cave. The Lion jumped at the cow suddenly her baby came to the cave. The lion saw the baby. He thought that I got two cows the lion followed the baby. Baby ran to the house and lion also went to the house some men saw the lion they attacked the lion. The lion ran fast to the forest. The mother cow and baby were very happy.

Abhinandh . T.U, Std: III B

## Description Sea shore

What ! a beautiful beach children are playing in the sea shore so many people are swiming in the sea. Many boats are sailing in the sea. Children are flying kite. Wow ! what a nice smell, nut seller is coming with ground nut. Sun reaches near the sea. The sky and sea become red. Wow what a beautiful sun set.

Ashmi Joseph, Std: IV B

## എന്റെ കേരളം

കേരവൃക്ഷങ്ങൾ നിറഞ്ഞ നാട്
കളരിപയറ്റ് പിറന്നനാട്
തുഞ്ചന്റെ പൈക്കിളിപാടും നാട്
കുഞ്ചന്റെ നർത്തകിയാടും നാട്
തെയ്യവും പൂരവും കഥകളിയും
തിരുവാതിരയും നിറഞ്ഞ നാട്
ഓണക്കളികൾ പിറന്നനാട്
കൈകൊട്ടികളിയുടെ ജന്മനാട്
തുമ്പയും തെച്ചിയും മുക്കൂറ്റിയും
കൊന്നയും പൂത്തുലയുന്ന നാട്
പച്ചവിരിച്ച വയലുകളും
കളം കളം പാടുന്ന പൊയ്കകളും
പക്ഷിമൃഗാദികളൊത്തു ചേരും
കാടുകളുള്ളൊരു നല്ല നാട്
നന്മ നിറഞ്ഞൊരു പുണ്യനാട്
തിന്മമറക്കുന്നൊരെന്റെ നാട്
മാവേലി തമ്പുരാൻ വാണനാട്
മലയാളഭാഷ തൻ പുണ്യനാട്

(കവിതാരചന ക്ലാസ്റൂം പ്രവർത്തനം)
അതുൽകൃഷ്ണ, വൈഗ കെ. ദിലീപ്, അനന്യ, ജെംസൻ, അജയ് Std : IV B

## ആസ്വാദനക്കുറിപ്പ് – കുട്ടിയും തള്ളയും

ഞാൻ വായിച്ച കവിതയുടെ പേരാണ് 'കുട്ടിയും തള്ളയും' ഈ കവിത എഴുതിയത് എൻ. കുമാരനാശാൻ ആണ്. എനിക്ക് ഈ കവിത വളരെ ഇഷ്ടപ്പെട്ടു. പൂക്കളിൽ നിന്ന് പറന്നുപോകുന്ന പൂമ്പാറ്റകളെ കണ്ടിട്ട് കുട്ടിക്ക് ഉണ്ടാകുന്ന സംശയങ്ങളും അവയ്ക്ക് അമ്മ നൽകുന്ന മറുപടികളുമാണ് ഈ കവിതയിലെ ആശയം.

പൂക്കളിങ്ങനെ പറന്നു പോകുന്നതെന്താണെന്ന് കുട്ടി ചോദിക്കുമ്പോൾ അവ പൂമ്പാറ്റകളാണെന്ന് അമ്മ പറഞ്ഞ് കൊടുക്കുന്നു. പൂമ്പാറ്റകളോടൊപ്പം പറന്നു കളിക്കാൻ ചിറകുകളില്ലല്ലോ എനിക്ക് എന്ന് വിഷമിക്കുന്ന കുട്ടിയെ പിച്ചകച്ചെടിക്ക് നടക്കാൻ പോലും കഴിയുന്നില്ലല്ലോ എന്ന് പറഞ്ഞ് അമ്മ സമാധാനിപ്പിക്കുന്നുണ്ട്. ഇങ്ങനെയെല്ലാം എന്തുകൊണ്ടാണ് സംഭവിക്കുന്നത് എന്ന് ചോദിക്കുന്ന കുട്ടിയോട് ഇതെല്ലാം ദൈവനിശ്ചയമാണെന്ന് പറഞ്ഞ് അമ്മ ആശ്വസിപ്പിക്കുന്നു.

ഓരോ രണ്ട് വരിയിലും രണ്ടാമത്തെ അക്ഷരം ആവർത്തിക്കുന്നതുകൊണ്ട് കവിതയ്ക്ക് കൂടുതൽ താളവും ഈണവും കൂടുന്നു.

എനിക്ക് ഈ കവിതയിൽ ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടവരിയാണ്. "മേൽക്കുമേലിങ്ങിവ പൊങ്ങി - വിണ്ണിൽ നോക്കമ്മേയെന്തൊരുഭംഗി" കാരണം പൂമ്പാറ്റകൾ നിരനിരയായി പറക്കുന്നതുകാണാൻ എന്തു ഭംഗിയായിരിക്കും. അതുകൊണ്ടാണ് എനിക്ക് ഈ വരികൾ ഇഷ്ടപ്പെട്ടാൻ കാരണം.

കുട്ടിക്കാലത്ത് ഞാൻ പൂമ്പാറ്റകളെ പിടിച്ച് കളിക്കുമായിരുന്നു. ഞാൻ ഈ കവിത വായിച്ചപ്പോൾ എനിക്ക് എന്റെ മനസ്സിൽ വന്ന ഓർമ്മ ഇതായിരുന്നു.

നാം നമ്മുടെ പ്രകൃതിയിലുള്ള ഒരു ജീവിയെപ്പോലും ഉപദ്രവിക്കരുത്, അവർക്കും നമ്മുടെ ഭൂമിയിൽ ജീവിക്കാൻ അവകാശമുണ്ട് ഇതാണ് ഈ കവിതയിലെ സന്ദേശം.

സവിശേഷപ്രയോഗം ശബ്ദഭംഗി മറ്റുള്ളവയെല്ലാംകൊണ്ട് ഈ കവിത വളരെ ലളിതവും മനോഹരവുമാകുന്നു.

മരിയ സിയ, Std : IV B

## Sea

The deep huge blue sea
Waves are dancing there
Fishes are playing there
Boats are swaying on waves

Kites are flying on the sky
Sun is faiding
Dark is spreading
Oh! my beautiful sea

## Butter fly

Little little Butterfly
Cute little Butterfly
Fluttering on flowers
Sucking sweet honey
Singing sweet songs
La La La La La

Sneha K. Suni
Std: IV A

